യു. എസ്. എസ്. ആർ.

സുരേഷ് പി. തോമസ്

യു. എസ്. എസ്. ആർ.
സുരേഷ് പി. തോമസ്
(മലയാളം: ചെറുകഥ)

© 2021, Suresh P. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Old man, a painting by Sejdikapllanaj. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

യുഎസ്. എസ്.ആർ.

ഒന്ന്

പാതിരാത്രിയും പിന്നിട്ടുവെങ്കിലും അപ്പർ ബർത്തിൽ ചരിഞ്ഞുകിടക്കുന്ന ജമീലയും എതിർവശത്തെ ലോവർ ബർത്തിലെ ഓർമ്മ നശിച്ച വൃദ്ധനും ഉറങ്ങിയിരുന്നില്ല. വൃദ്ധൻ കിടക്കുക പോലും ചെയ്തിട്ടുണ്ടായിരുന്നില്ല. ആറടിക്കുമേലെ ഉയരമുള്ള അയാൾ, മറ്റൊരു വൃദ്ധൻ കൂർക്കം വലിച്ച് കിടന്നുറങ്ങുന്ന മിഡിൽ ബർത്തിൽ തല തട്ടാതെ, ജനാല താഴ്ത്തിയിട്ടില്ലാത്തതിനാൽ അഴികളിൽ തട്ടിച്ചിന്നി അകത്തേയ്ക്ക് ഊക്കോടെ ചിതറുന്ന പെരുമഴയാൽ ഒരു ചെടിയെന്ന വണ്ണം നനയ്ക്കപ്പെട്ട്. അങ്ങനെ നനയ്ക്കപ്പെടുന്നതിൽ യാതൊരു ഭാവമാറ്റവും പ്രകടിപ്പിക്കാതെ, തീവണ്ടിയുലയുന്ന താളത്തിൽ, സീറ്റിന്റെ ഒത്ത നടുവിൽ ചുരുണ്ടുകൂടിയിരുന്നാടുന്നത് തേനീച്ചക്കൂട് പോലത്തെ മുടിയുള്ള ജമീല തന്റെ ഐ-ഫോണിന്റെ പ്രകാശത്തിൽ നോക്കിക്കിടന്നു. ഓർമ്മ നശിച്ച ഒരു മനുഷ്യനാണ് അയാളെന്ന കാര്യം, ഹൗറയിൽ നിന്നും എറണാകുളം വരെ പോകുന്ന ആ തീവണ്ടി ഹൗറയിൽ നിന്നും യാത്ര തുടങ്ങുന്നതിന് മുൻപ്, അയാളെ ജമീലയ്ക്ക് എതിരെയുള്ള ജനാലസീറ്റിൽ ഇരുത്തിയ ഉടൻ തന്നെ മിഡിൽ ബർത്തിലെ വൃദ്ധൻ ജമീലയോട് പറഞ്ഞിരുന്നു. താൻ കേരളത്തിൽ സുവിശേഷവേല ചെയ്യുന്ന ഒരു പാസ്റ്ററാണെന്ന് പരിചയപ്പെടുത്തിയ അയാൾ തന്റെ പേര് പറഞ്ഞത് ജമീല അപ്പോൾ തന്നെ മറന്നു. കൂടെയുള്ള വൃദ്ധൻ കൊൽക്കത്തയിൽ തന്റെ സഭ നടത്തുന്ന ഏതോ സ്ഥാപനത്തിലെ ജോലിക്കാരനാണെന്നും കുറച്ച് നാളായി ഓർമ്മയും ബോധവുമില്ലെന്നും ഇനി ശിഷ്ടകാലം നാട്ടിലെ ഏതെങ്കിലും സ്ഥാപനത്തിൽ നിർത്താനാണ് സഭയുടെ തീരുമാനമെന്നും കൊൽക്കത്തയിൽ നിന്ന് അയാളെ കൂട്ടിക്കൊണ്ടുവരാൻ സഭ നിയോഗിച്ച ആളാണ് താനെന്നും അയാൾ പറഞ്ഞു. ഇതെല്ലാം തന്നോട് പറയുന്നതെന്തിനെന്ന് ജമീലയ്ക്ക് മനസ്സിലായില്ലെങ്കിലും അവൾ എല്ലാം ശ്രദ്ധാപൂർവ്വം കേൾക്കുകയും തിരിച്ചൊന്നും പറയാതെ തലയാട്ടിയിരിക്കുകയും ഇതൊരു വെറും നുണക്കഥ മാത്രമാണെന്ന് ഉറപ്പിക്കുകയും നുണക്കഥയായാലെന്ത് അല്ലെങ്കിലെന്ത് എന്ന് സ്വയം ചോദിക്കുകയും ചെയ്ത ശേഷം, പാസ്റ്ററിൽ നിന്നും ശ്രദ്ധ വിടുവിച്ച്, ആ സമയം മുഴുവൻ അഴികളിൽ തല ചേർത്തുവെച്ച് പ്ലാറ്റ്ഫോമിലേയ്ക്ക് നോക്കിയിരിക്കുകയായിരുന്ന ഓർമ്മ നശിച്ച വൃദ്ധനെ നോക്കി, മൂടൽമേഘങ്ങളുടെ നിറവും ഭാവവുമുള്ള അയാളും പാസ്റ്ററും ഒരേപോലത്തെ, തന്റെ കുട്ടിക്കാലത്തെ കാമുകൻ അവന്റെ ആദ്യകുർബ്ബാനയ്ക്കിട്ടിരുന്നതു പോലത്തെ, ഉടുപ്പുകളാണല്ലോ ഇട്ടിരിക്കുന്നതെന്ന് ജിജ്ഞാസപ്പെട്ടു. അയാളുടെ തേച്ചുവെടിപ്പാക്കിയ കറുത്ത പാന്റ്സും അരക്കയ്യൻ വെള്ള ഷർട്ടും കറുത്ത ബെൽറ്റും തിളങ്ങിമിന്നുന്ന കറുത്ത ലെതർ ഷൂസും സൂക്ഷ്മമായി പരിശോധിക്കുന്നതിനിടയിൽ പാസ്റ്ററായിരിക്കുമോ അയാളെ ഉടുപ്പിടീപ്പിച്ചിട്ടുണ്ടാവുക എന്ന കൗതുകം അവളിൽ ഒരു നിമിഷം മിന്നി; ഇത്രയും ശൂന്യമായ കണ്ണുകൾക്ക് മാത്രം സാധ്യമാവുന്ന പ്രപഞ്ചങ്ങൾ എന്തൊക്കെയായിരിക്കാം എന്ന മറ്റൊരു കൗതുകം അവളെ കൂടുതൽ രസിപ്പിച്ചപ്പോൾ അത് മറഞ്ഞു.

പിന്നെയുമെന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്ന പാസ്റ്ററെ പൂർണ്ണമായും അവഗണിച്ച് അവൾ പ്ലാറ്റ്ഫോമിലേയ്ക്ക് നോക്കി: വിവിധയിനം മനുഷ്യർ; വിവിധയിനം ഉടുപ്പുകൾ; വിവിധയിനം കാത്തിരിപ്പുകൾ; വിവിധയിനം യാത്രയയക്കലുകൾ; വിവിധയിനം തിരക്കുകൾ; വിവിധയിനം മൊബൈൽഫോണുകൾ; വിവിധയിനം കണ്ണുകൾ; വിവിധയിനം കൃഷ്ണമണികൾ; വിവിധയിനം ചെവികൾ; വിവിധയിനം കൈയ്യാംഗ്യങ്ങൾ; വിവിധയിനം വിരലുകൾ; വിവിധയിനം കാലുകൾ; വിവിധയിനം പാദരക്ഷകൾ; വിവിധയിനം ചലനതാരകൾ; പ്ലാറ്റ്ഫോമിൽ കെട്ടിക്കിടക്കുന്ന മഴവെള്ളത്തിൽ കടലാസുവള്ളമിറക്കുന്ന ഒരു കുട്ടി; ആ കുട്ടിയുടെ കടലാസുവള്ളത്തിന്റെ ഊതനീല; അന്തിമഴവെളിച്ചത്തിന്റെ നരച്ച വിഷാദത്തിൽ അതിന്റെ നിഴലിളക്കങ്ങൾ. ജമീല പ്ലാറ്റ്ഫോമിൽ നിന്നും നോട്ടം പിൻവലിച്ച് വീണ്ടും വൃദ്ധനെ നോക്കി; ഇടത്തുനിന്നും വലത്തേയ്ക്ക് പരത്തിച്ചീകിവച്ചിരിക്കുന്ന അയാളുടെ ജെൽ തേച്ചുപിടിപ്പിച്ചതു പോലെയുള്ള സമൃദ്ധിയാർന്ന വെള്ളിത്തലമുടിയെ നോക്കി; ചെകുത്താൻചെവികളിൽ നിന്നും ആന്റിനക്കമ്പികൾ പോലെ പുറത്തേയ്ക്കെഴുന്ന നിൽക്കുന്ന രോമങ്ങളെ നോക്കി; കണ്ണുകളുടെ ശൂന്യതയെ രാകിക്കൂർപ്പിക്കുന്ന തിമിരവെളുപ്പിനെ നോക്കി; വിശാലമായി ക്ഷൗരം ചെയ്ത കവിളുകളെ കഴിഞ്ഞ ഞൊറിവുകളെ നോക്കി; നീളൻമൂക്കിന്റെ ഒത്ത നടുവിൽ കണ്ണുതുറക്കുന്ന പുള്ളിയെയും നോക്കി; വിണ്ടുവിളറിയ ചുണ്ടിലെ ഉപ്പിച്ചാലുകളെ നോക്കി; ദ്രക്കിക്കോശികളുടേതു പോലെയുള്ള കഴുത്തിലൂടെ നടന്നുപോകുന്ന ഒരു തടിയൻ ചുവന്നുറുമ്പിനെ നോക്കി. പെട്ടെന്നൊരു പ്രേരണയിൽ അവൾ കൈ നീട്ടി ഉറുമ്പിനെ ഞുള്ളിക്കളഞ്ഞു. എന്തിനാണ് അങ്ങനെ ചെയ്തതെന്നറിയാതെ, അയാളുടെ ഇളകാത്തതും രാഗവൈരാഗ്യരഹിതവുമായ നോട്ടത്തിന്റെ അതേ ദിശയിലേയ്ക്ക്, കടലാസുവള്ളമിറക്കിയ കുട്ടി അതിനോടകം അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ഇടത്തേയ്ക്ക്, ആ കുട്ടിയുടെ ചഞ്ചലതയെ നോക്കുക ഒന്ന് നോക്കി ഒരു നിമിഷമിരുന്ന ശേഷം അയാളുടെ കണ്ണുകളിലെ ശൂന്യതയിലേയ്ക്ക് തിരിച്ചെത്തി. കുറച്ചുനേരം കൂടി അയാളെ നോക്കി അവിടെ ഇരിക്കാനവൾക്ക് തോന്നിയെങ്കിലും, അങ്ങനെ ചെയ്താൽ പാസ്റ്ററുമായി സംസാരിച്ചിരിക്കേണ്ടിവരുമെന്ന് അറിയാവുന്നതിനാലും മനുഷ്യരുമായി സംസാരിക്കുന്നതിലെ വിമുഖത നിമിത്തം കുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും കാമുകരിൽ നിന്നും അപരിചിതരിൽ നിന്നുപോലും അകന്നകന്നകന്നകന്നുപോയ ഒരുവളായതിനാലും അങ്ങനെയൊരുവളായിരുന്നതിനാൽ ക്രിട് ബംഗാളിലെ ക്യാമ്പുകളിലൂടെയും സിക്കിമിലെ മഞ്ഞുമലകളിലൂടെയും ഏറെനാൾ തനിച്ച് അലഞ്ഞുതിരിഞ്ഞതിന്റെ ക്ഷീണം ഉച്ചി മുതൽ പാദം വരെ അപ്പാടി രോമകൂപങ്ങളിൽ വിധം പടർന്നുപിടിച്ചിരുന്നതിനാലും അവൾ, ഉറങ്ങുപോയ ഒരു നോട്ടത്തിൽ നാലു വർഷങ്ങൾക്കപ്പുറമുള്ള ഒരു തീവണ്ടിയിൽ ഇരിക്കുന്ന ഒരുവളുടെ തലയ്ക്കുമിരുന്നതിനെ പോലെ, വൃദ്ധന്റെ തലമുടിയിലെ വിരലുകളോടിച്ച ശേഷം ബാക്ക്പാക്കുമായി അപ്പർ ബർത്തിൽ കയറി, ഇളം മഞ്ഞ വരകളുള്ള തന്റെ കടുംനീല ടോക്ക് സ്യൂട്ടിന്റെ പോക്കറ്റിൽ വച്ചിരിക്കുന്ന ഒരു ശേഷക്കത്തിൽ നിന്നും പഴക്കമുള്ള ഹെഡ്ഫോണിന്റെ ഇയർഫോൺ ചെവികളിൽ തിരുകി, കണ്ണുകളടച്ച്, ബാക്ക്പാക്കിൽ തലവച്ച്, നീണ്ടുനിവർന്നുകിടന്നു. എറണാകുളത്തേയ്ക്കുള്ള ടിക്കറ്റാണ് ബുക്ക് ചെയ്തിരുന്നതെങ്കിലും ബ്രഹ്മപുരിലിറങ്ങി ചിൽകയിലെ ദേശാടനപ്പക്ഷികളെ കാണാൻ പോകാമെന്നോ അല്ലെങ്കിൽ വിശാഖപട്ടണത്തിറങ്ങി രണ്ടാഴ്ച നാൾ കടൽ കണ്ടു കടലിൽ കളിച്ചും കടലേകൾ കൂട്ടിയും മീനെ തെന്നിത്തിമിർത്തും കഴിയാമെന്നോ ആയിരുന്നു, തീവണ്ടി സ്റ്റേഷൻ വിടുന്നതിനു മുമ്പ് തന്നെ മയങ്ങിത്തുടങ്ങിയ അവളുടെ പദ്ധതി. ഗാഢനിദ്രയിലേയ്ക്ക് വൈകാതെ പതിച്ച മയക്കത്തിൽ നിന്നും അവളുണർന്നപ്പോൾ പാതിരാത്രിയും ഉണ്ടയമ്പും പിന്നിടുകയും വൃദ്ധനൊഴിച്ച് മറ്റു ബർത്തുകളിലെ മനുഷ്യർ ഉറക്കത്തിന്റെ പല ഘട്ടങ്ങളിൽ ആഴുകയും ചെയ്തിരുന്നു. താനും ഉറക്കത്തിന്റെ ഇടർച്ചയിലാണെന്നൊരു പ്രതീതി ഉറക്കമുണർന്ന ശേഷം അൽപനേരത്തേയ്ക്ക് അവളെ പൊതിഞ്ഞു. ഐഫോണിന്റെ ഇയർഫോൺ ടോക്ക്സ്യൂട്ടിന്റെ പോക്കറ്റിൽ പൂഴ്ത്തിയിട്ട് വച്ച്, കണ്ണു തിരുമ്മി, കണ്ണുചിമ്മി, കണ്ണുമിഴിച്ച്, ഐഫോണിൽ സമയം നോക്കി, അവൾ ബാക്ക്പാക്കിൽ നിന്നും മുക്കാലോളം കാലിയായ ഒരു കുപ്പി വെള്ളമെടുത്ത് കുറച്ച് തുള്ളികൾ കണ്ണുകളിൽ അവശേഷിച്ച ഉറക്കത്തിലേയ്ക്ക് ഇറ്റിച്ചു. ബാക്കി മുഴുവൻ വായിലേയ്ക്ക് കമിഴ്ത്തി. താഴെയിറങ്ങി, ജനാലയുടെ ഷട്ടറിട്ട്, വൃദ്ധന്റെ അടുത്ത് ചെന്നിരിക്കണമെന്ന് തോന്നിയെങ്കിലും അവൾ വൃദ്ധനെ നോക്കി, അയാളിലേയ്ക്ക് ചിതറുന്ന മഴയെ നോക്കി, മറ്റൊന്നിലും ഹാജരായ ദേഹവുമായി മനസ്സുമായി അപ്പർ ബർത്തിൽ തന്നെ കിടന്നു. ഉറക്കത്തിനെപ്പോഴോ അവൾ അയാളെ ഇന്ദ്രനീലത്തിരമാലകൾക്ക് മീതേ, അലസസ്വമുറങ്ങുന്ന ഒരു പാട്ടു പോലെ, ഒരു പതുങ്ങിയ ചിറകടിയെന്ന വണ്ണം കൈകൾ വിരിച്ച്, അവളുടെ ടോക്ക്സ്യൂട്ടിന്റെ തിരുസമയനിമിഷം ഇളംമഞ്ഞ വരകളുള്ള ഒരു കടുംനീല സർഫിംഗ് സ്യൂട്ട് ധരിച്ച്, സർഫ്ബോർഡിലൂടെ സർഫ് ചെയ്യുന്ന പടുതിയിൽ കണ്ടിരുന്നു. മഴയിൽ കുതിർന്ന അയാളുടെ കറുത്ത പാന്റ്സും അരക്കയ്യൻ വെള്ള ഷർട്ടും കണ്ടപ്പോൾ ഉറക്കത്തിലെ കടലിലും അതേ വേഷവുമായായിരുന്നു അയാൾ പ്രത്യക്ഷപ്പെട്ടിരുന്നതെന്നൊരു വ്യർത്ഥത അവളെ ബാധിച്ചു. ഐഫോണിന്റെ വെളിച്ചം ഒരു നിമിഷത്തേയ്ക്ക് അയാളുടെ നനഞ്ഞ ഉടുപ്പുകളെ, നിരനെ, മുഖത്തെ, കണ്ണുകളെ നേരെ, തിരിച്ചപ്പോൾ അവൾ, കൃത്രിമസൃഷ്ടിയുടെ ശൂന്യതയ്ക്ക് പകരം അവിടെന്ന് ആകാശക്കുളിങ്ങളുടെ ആഴങ്ങൾ ആ കണ്ണുകളിൽ പടരുന്നത് ശ്രദ്ധിച്ചു. എന്താണെന്ന് തിരിച്ചറിയാൻ പറ്റാതിരുന്ന ഒരു കറുമ്പരാശിയാൽ കത്തിനോടവിടെപ്പെട്ട്, ആ വെളിച്ചം അയാളിൽ നിന്ന് പിൻവലിച്ചശേഷം അവൾ സീറ്റിൽ നിന്ന് മുറിക്കണമിമ്മഞ്ഞിനെന്നിട്ട്, വാതിലിനടുത്തേയ്ക്ക് നീങ്ങി ഉടതുവരുകയുമായി നടന്നുപോയി. അത് കണ്ട് ഒരു നിമിഷം മനസ്സ് ചിമ്മി നിശ്ചലമായെങ്കിലും പെട്ടെന്ന് തന്നെ സമചിത്തത വീണ്ടെടുത്ത് അവൾ താഴേയ്ക്ക് ചാടിയിറങ്ങി. ഇറങ്ങാൻനേരം ടോയ്ലറ്റിൽ നിന്നും വലിച്ച ബീഡിയുടെ അൽപം മുൻപ് ആരോ ആഞ്ഞുവലിച്ച ബീഡിയുടെ പുകയിൽ ലഹരിയും പലതരം നിശ്വാസങ്ങളും കൂടിക്കലർന്ന ഒരു നിശ്ചിതഗന്ധം തങ്ങിനിന്ന വാതിലിന്റെ തൊട്ടടുത്തെത്തിയപ്പോൾ, കാട്ടുവള്ളികളിൽ തൂങ്ങിയാടുന്ന അതികായനായ ഒരുവനെ പോലെ, ഒരു കൈ വയ്ക്കലായി വാതിൽപ്പിടിയിൽ പിടിച്ചും, വലതു കൈ അവിടെയുമില്ലാതെ ഒറ്റപ്പെട്ട ചില കലർന്ന കള്ളിച്ചെടികളും ഒറ്റപ്പെട്ട ചില ജമന്തകളും മാത്രമുള്ള തരിശുനിലങ്ങളിലേയ്ക്ക് പാഞ്ഞുവരുന്ന കാറ്റിലേയ്ക്ക് വിടർത്തിനിർത്തിയും, പങ്കപറിച്ച് പിച്ചും പേയുമലറുന്ന വളരെവളരെ പഴയ ഒരു മനുഷ്യനുമായി ഭൂതാവിഷ്ടമായിരിക്കുന്ന വണ്ണം പെരുമഴിക്കുന്ന പാതിരാപ്പോരിയുടെ വെളിപ്പാടുകളിലേയ്ക്ക് പാഞ്ഞു ചെരിഞ്ഞും നിശ്ചലനായി ഇളകിയിരുന്ന വൃദ്ധനെ അവൾ കണ്ടു. അവൾ അനക്കമറ്റ് നിന്നു. അടുത്തേയ്ക്ക് ചെന്ന് അയാളെ കമ്പാർട്ട്മെന്റിനകത്തേയ്ക്ക് പിടിച്ചുവലിക്കാൻ ശ്രമിച്ചാൽ അയാൾ പിടിവിട്ട് തെറിച്ചുവീണേക്കുമോ എന്ന തോന്നൽ അവളുടെ നിശ്ചലതയെ കൂടുതൽ നിശ്ചലമാക്കിയപ്പോൾ അവൾ കണ്ണുകൾ മുറുക്കിയടച്ചു. നീണ്ടുനീണ്ടു പോയ ഏതാനും നിമിഷങ്ങൾക്ക് ശേഷം തീവണ്ടി ഒരു പാലത്തിലേയ്ക്ക് വേഗം കുറച്ച് പ്രവേശിക്കുന്നതിന്റെ ശബ്ദവ്യതിയാനം കേട്ട് അവൾ കണ്ണുകൾ തുറക്കാനോരുങ്ങി, അസംബന്ധമായ ഒരു പ്രാർത്ഥനയ്ക്കു മാത്രം പ്രാപ്യമായ ധ്യാനാത്മകതയോടെ കൈകൾ കൂപ്പി പടികളിൽ ഇരുന്നു, ഏവിടെനിന്നോ പറന്നെത്തിയ മൂന്ന് മിന്നാമിനുങ്ങുകളുടെ ഭ്രമണം ചെയ്യുകയുമായി. മഴയിൽ നിറഞ്ഞുകവിഞ്ഞൊഴുകുന്ന ഏതോ നദിയുടെ ഗഗദം വിസ്തൃതിയിലേയ്ക്ക്, അതിന്റെ മുഴങ്ങുന്ന ആഴങ്ങളിൽ വിങ്ങിക്കിടക്കുന്ന പ്രളയവും ഒരു പൂർണ്ണചന്ദ്രനിലേയ്ക്ക്, അതിന്റെ ഒരു കരയിൽ മിന്നൽപ്പിണരുകളുടെയും തീവണ്ടിപ്പുകളുടെയും ചൂഷിച്ചുകിടക്കുന്ന നിലാവിന്റെയും വെളിച്ചങ്ങളിൽ മിന്നിയും മറഞ്ഞും മിന്നിയും ദൃശ്യമായ തകർന്നടിഞ്ഞുകിടക്കുന്ന ഒരു തോണിയിലേയ്ക്ക് നോക്കിയിരിക്കുകയായിരുന്നു വൃദ്ധൻ. ഉറക്കമില്ലാത്ത ഇരയ്പക്ഷികളിൽ നാലെണ്ണം ഒന്നിനു പിറകെ ഒന്നായി അയാളെ തൊട്ടുതൊട്ടില്ല എന്ന വണ്ണം താണുപറന്ന് ചിറകടിച്ച് കടന്നുപോയി. നീണ്ട ആ പാലത്തിൽ നിന്നും തീവണ്ടി പുറത്തെത്തിക്കഴിഞ്ഞപ്പോൾ അയാൾ അതിവിശ്രമത്തോടെ പടികളിൽ നിന്നെണീറ്റ്, അവളുടെ സാന്നിധ്യത്തെ പരിഗണിക്കുകയേ ചെയ്യാതെ, അവളെ കടന്ന് തിരിച്ച് സീറ്റിൽ ചെന്നിരുന്നു. അഗോചരമായ ഏതെല്ലാമോ ബോധങ്ങളാൽ ബാധിതയായി കറച്ചുനേരം കൂടി അവിടെ അങ്ങനെ നിന്ന ശേഷം അവളും തിരിച്ചുനടന്ന്, ചുരുണ്ടുകൂടി തണുത്തുവിറച്ചിരിക്കുകയായിരുന്ന വൃദ്ധന്റെ എതിർവശത്ത്, എത്ര നേരം അയാളെ നോക്കിയിരുന്നാലും അയാൾ തന്നെ കാണുകയില്ലെന്ന് അറിയാമായിരുന്നിട്ടും അയാളെത്തന്നെ കുറേ നേരം തുറിച്ചുനോക്കിയിരുന്നു. പിന്നെ ജനാലയുടെ ഷട്ടർ താഴ്ത്തി, കൈ മുകളിലേയ്ക്ക് നീട്ടി അപ്പർ ബർത്തിൽ നിന്നും ബാക്ക്പാക്ക് താഴേയ്ക്കിറക്കി, അതിൽ നിന്നും ഒരു ടവ്വലെടുത്ത്, അങ്ങനെയൊരു കാര്യം അവിടെ സംഭവിക്കുന്നേയില്ലെന്ന മട്ടിലിരിക്കുന്ന വൃദ്ധന്റെ തലയും കൈകളും നല്ലതുപോലെ തോർത്തി, അയാളുടെ നനഞ്ഞുകുതിർന്ന ഉടുപ്പുകൾ ഒന്നൊന്നായി അഴിച്ചുകളഞ്ഞ്, നിറയെ ചിത്രപ്പണികളുള്ള തന്റെ ഒരു നീല പൈജാമയും ഒരു കറുത്ത ടീ ഷർട്ടും ഒരു ചുവന്ന കൈയില്ലാസ്വെറ്ററും ഒട്ടും പാകമല്ലാതിരുന്നിട്ടും അയാളെ ഉടുപ്പിച്ചു. അയാളിൽ നിന്നും യാതൊരു വിധത്തിലുള്ള പ്രതിരോധവും ഉണ്ടാവുകയില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ ബർത്തിലേയ്ക്ക് അയാളെ നീണ്ടുനിവർത്തി കിടത്തിച്ച്, മഞ്ഞപ്പൂക്കളുള്ള ഒരു പിങ്ക് കട്ടിപ്പുതപ്പുകൊണ്ട് അയാളുടെ മുടി, ബർത്തിനു പുറത്തേയ്ക്ക് നീണ്ടുകിടക്കുന്ന അയാളുടെ കാലുകളെ എല്ലാം ചെയ്യണമെന്നറിയാതെ അങ്ങനെ കിടക്കുന്ന അയാളെ കറച്ചുനേരം കൂടി നോക്കിനിന്ന്, അപ്രകാരം നോക്കിനിൽക്കെ അയാൾ തന്റെ കൈകൾ നെഞ്ചിൽ പിണച്ച് വയ്ക്കുന്നതും അയാളുടെ കണ്ണുകൾ ഒരു താരാട്ടിന്റെ താളത്തിന് ചുവടുകൾ വയ്ക്കുന്നതുപോലെ ഒരു മയക്കത്തിലേയ്ക്ക് അണഞ്ഞുമുറുകുന്നതും കണ്ടു. ഉറങ്ങുന്ന മനുഷ്യരുടെ രഹസ്യങ്ങൾ പിടിച്ചെടുക്കാൻ അലയുന്ന മനുഷ്യർക്കേ ആവൂ എന്ന് ഏറെ വർഷങ്ങൾക്ക് ശേഷം താൻ എത്തിച്ചേരാൻ പോകുന്ന ഒരു തത്ത്വത്തിന്റെ ആദിവിത്ത് ഉള്ളിന്റെയുള്ളിന്റെയുള്ളിന്റെയുള്ളിൽ മുളപൊട്ടുന്നതറിയാതെ, ഉറങ്ങുന്ന അയാളെ പിന്നെയും കറച്ചുനേരം കൂടി നോക്കിനിന്ന്, ഇനി മതി എന്ന് തീരുമാനിച്ച്, അവൾ ബാക്ക്പാക്കെടുത്ത് വാതിലിനടുത്തേയ്ക്ക് നടന്നു. മഴ തോർന്നുതുടങ്ങിയിരുന്നു. തീവണ്ടി അവൾക്ക് പേരറിയാത്ത ഏതോ സ്റ്റേഷനിലേയ്ക്ക് വളരെ പതുക്കെ പ്രവേശിക്കുകയായിരുന്നു. ഭ്രഷ്ടമായ ഒരു ചൂളംവിളിച്ച്, ഒരു പറ്റം നയ്ക്കൾ ഒത്തിച്ച് കരയുന്നതിന്റെ കിതകിതപ്പോടെ അത് അവിടെ നിർത്തിയപ്പോൾ അവൾ അധികം മനുഷ്യരില്ലാത്ത പ്ലാറ്റ്ഫോമിലിറങ്ങി, തിരിഞ്ഞുനോക്കിയാൽ വാതിൽപ്പിടിയിൽ തൂങ്ങിയാടി തന്നെയും നോക്കിനിൽക്കുന്ന വൃദ്ധനെ കാണാനാവും എന്നറിയാമായിരുന്നിട്ടും തിരിഞ്ഞു നോക്കാതെ നടന്നു.

രണ്ട്



പതിനേഴ് ദിവസങ്ങൾ കഴിഞ്ഞ്, വെയിൽ തിളച്ചുമറിഞ്ഞ ഒരു ഏപ്രിൽ പകലിന്റെ അറുതിയിൽ, പുതുക്കിപ്പണിത ശേഷം വെള്ളിത്തിളങ്ങുന്ന ചെമ്പായമടിച്ച എഴുപതുകളിലെ ഒരു വെസ്പയിൽ, നെഞ്ചത്ത് ഓംകാരം പതിച്ച ഒരു കാവി ഹാഫ് ഇന്ത്യ കുർത്തയും തവിട്ട് നിറത്തിലുള്ള ഒരു അയഞ്ഞ ലിനൻ പാന്റ്സും ധരിച്ച വൃദ്ധനെ പിന്നിലിരുത്തി, നൈക്കിശരി വച്ച ഒരു കട്ടംചുവപ്പ് ടീ ഷർട്ടും നരച്ച ഡെനിം ജീൻസും ധരിച്ച ഒരു ചെറുപ്പക്കാരൻ, വല്ലപ്പോഴുമെങ്കിലും ഇരിക്കാനുള്ള അവകാശത്തിന് വേണ്ടി സമരം ചെയ്യുന്നതിന്റെ പേരിൽ കലവധു സിൽക്ക്സിന്റെ എന്ന വസ്ത്രാലയത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട സെയിൽസ് ഗേളായ രജനി എന്ന പൂച്ചക്കണ്ണുകാരി യുവതിയെ കാണാൻ, കടിയേറ്റതെരുവിനാളികൾക്ക് വാടകയ്ക്ക് കൊടുക്കാനായി അഞ്ച് ഇടുങ്ങിയ ഒറ്റമുറികളായി വിഭജിക്കപ്പെട്ട ആളൊഴിഞ്ഞ ഒരു പഴയ ഗോഡൗണിലെ, ആ അഞ്ചു മുറികൾക്കും പൊതുവായുള്ള കളിമുറ്റത്തേയ്ക്ക് ചേർന്നുകിടക്കുന്ന ഒരു മുറിയുടെ മുന്നിലെത്തി. അവിടെയാണ് വഹാബ് ഹസ്സന്റെ എന്ന തന്റെ കാമുകനുമൊത്ത് രജനി മൂന്നു മാസമായി താമസിക്കുന്നത്. ബംഗ്ലാദേശ് അതിർത്തിയിലുള്ള കിഴക്കൻ ബംഗാളിലെ ഒരു ഗ്രാമത്തിൽ നിന്നും രണ്ടു ജോഡി പഴയ ഉടുപ്പുകളും അറ്റത്തുറിയപ്പെട്ടു രണ്ട് രൂപയും ഒരു മൗത്ത് ഓർഗനുമായി മൂന്നു വർഷങ്ങൾക്ക് മുൻപ് എറണാകുളത്ത് വന്ന, കലവധു സിൽക്സിന്റെ മുന്നിൽ ചാട്ട് മസാല വിൽക്കുന്ന ഉത്തരേന്ത്യക്കാരുടെ നടത്തുന്ന, സമരനാളുകളിൽ രജനിക്കുവേണ്ടി നിത്യവും ഉച്ചഭക്ഷണം പാകം ചെയ്യുകയും ഉണ്ടാവുകയും ചെയ്ത വഹാബിനെ നിരോധിക്കപ്പെട്ട പുകയില ഉത്പന്നങ്ങൾ തീവണ്ടിമാർഗം കേരളത്തിലേയ്ക്ക് കടത്തുന്ന സംഘത്തിലെ അംഗമാണെന്ന കുറ്റമാരോപിച്ച് രണ്ട് ദിവസങ്ങൾക്ക് മുൻപ് പൊലീസ് പിടിച്ചുകൊണ്ടുപോയിരുന്നു. വാതിലിൽ മുട്ടുകേട്ടപ്പോൾ, ആ യുവാവിൽ കൊഞ്ചലും കാമവും ചേർന്ന ഒരു അരക്കെട്ടിളക്കം എപ്പോഴും അനുഭവിച്ചിരുന്ന ഒരു ബംഗ്ലാ ഗാനം, മുഷിഞ്ഞ ചുളുങ്ങിയ ഒരു പച്ച വിരിപ്പിട്ട മെത്തയിൽ മലർന്നുകിടന്ന് മൗത്ത് ഓർഗനിൽ വായിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്ന രജനി കരുതിയത് പൊലീസുകാരോ തന്റെ ഭർത്താവായ സത്യനോ ആയിരിക്കും എന്നാണ്. വഹാബിന്റെ കൂടെ രജനി താമസം തുടങ്ങിയതിൽ പിന്നെ പഴയ പുസ്തകങ്ങൾ വിൽക്കുന്ന കച്ചവടക്കാരനായ സത്യൻ ഇടയ്ക്കിടയ്ക്ക് അവിടെ വരുകയും അവർ രണ്ടുപേരെയും ചെവി പൊട്ടുന്ന തെറി വിളിക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം അയാൾ വഹാബിനെ പൊതിരെ തല്ലുകയും ചെയ്തു. അത്രയും നാൾ അയാളോട് പ്രതികരിക്കുകയേ ചെയ്യാതിരുന്ന രജനി, അന്ന്, തന്റെ ഇരുണ്ട മെലിഞ്ഞ അഞ്ചടി രണ്ടിഞ്ചുടലിലേയ്ക്ക് ആവാഹിക്കാവുന്നതു കരുത്ത് ആവാഹിച്ച്, താനൊരു കരാട്ടെക്കാരിയായി മാറിയ ഒരു സ്വപ്നത്തിന്റെ പിടികിട്ടപ്പൊതിളിൽ വിവാഹത്തലേന്ന് വിയർത്തുകുളിച്ച് ഞെട്ടിയുണർന്നതിന്റെ ആന്തലിനെ ഒരിക്കൽക്കൂടിയറിഞ്ഞ്, ആ സ്വപ്നത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞ്, അയാളുടെ ലിംഗത്തിൽ ആഞ്ഞുചവിട്ടി. കുറ്റനൊരു നിലവിളിയോടെ തെറിച്ചുവീണ അയാൾ രണ്ടു മിനിറ്റ് അനക്കമറ്റ് കിടന്നു. പിന്നെ, ഞൊങ്ങിഞ്ഞൊങ്ങി ഞെളിപിരികൊണ്ട് എണീറ്റ് 'നിന്റെ കഴപ്പ് ഞാൻ രണ്ട് ദിവസത്തിനുള്ളിൽ തീർത്തോളാടീ കൂത്തിച്ചീ' എന്നലറി അവിടെ നിന്നും വേച്ചുവേച്ച നടന്നുപോയി. അതിന്റെ പത്താം നാളാണ് വഹാബിനെ പൊലീസ് പിടിച്ചുകൊണ്ടു പോകന്നത്.

പൊലീസുകാരാവട്ടെ, സത്യനാവട്ടെ, എതിരിട്ടുകതന്നെ എന്നൊരു ദൃഢനിശ്ചയത്തോടെ, വായിച്ചുകൊണ്ടിരുന്ന ഈണം പൂർത്തിയാക്കാതെ മൗത്ത് ഓർഗൻ മെത്തയിൽ വച്ച് എഴുന്നേറ്റ്, പിഞ്ഞിത്തുടങ്ങിയ റോസ് നിറത്തിലുള്ള കോട്ടൺ സാരിയുടെ സ്ഥാനം നേരെയാക്കി, ഒരു ദീർഘശ്വാസമെടുത്ത് വാതിലിനടുത്തേയ്ക്ക് ചെന്ന്, ഇറക്കണോ വേണ്ടയോ എന്ന് ആശങ്കപ്പെട്ട് വാതിൽ ഇറന്ന രജനി, തന്നെ നോക്കി പരങ്ങലോടെ വിടർന്നചിരിക്കുന്ന ചെറുപ്പക്കാരനെയും തന്റെ പിന്നിലെ അടഞ്ഞുകിടക്കുന്ന ജനാല ഇനിനാൾ കാണാനാവുന്ന കാറ്റുകളിൽ ദ്രഷ്ടി ഉറപ്പിച്ചെന്ന വണ്ണം നിർന്നിമേഷനായി നിൽക്കുന്ന വൃദ്ധനെയും കണ്ട്, അവരിരുവരെയും മാറിമാറി നോക്കി, സ്വലാഭാലബോധം നഷ്ടപ്പെട്ട ഒരുവളെപ്പോലെ ഒരു നിമിഷം നിന്നു. തൊട്ടടുത്ത നിമിഷം തന്നെ, അത്തരം വിവേചനങ്ങളെയെല്ലാം നിമിഷങ്ങൾക്ക് വഴിക്കിക്കുന്ന കനത്ത ചെലവ് താങ്ങാനാവില്ലെന്ന് അറിയാവുന്ന ഒരുവളുടെ ആർജ്ജവത്തോടെ, അവൾ ആ ബോധം വീണ്ടെടുത്തു. തന്റെ പോലത്തെ പൂച്ചക്കണ്ണുകളുള്ള ആ നീണ്ടുമെലിഞ്ഞ ചെറുപ്പക്കാരനെ അവൾക്ക് അറിയാമായിരുന്നു. രണ്ട് വർഷങ്ങൾക്കുമുൻപ് രണ്ടു തവണ അയാളുമായി അവൾ സംസാരിച്ചിട്ടുണ്ടായിരുന്നു. എട്ടു വയസ്സുവരെ അയാളുടെ കൂടെ ഡെനിൻ എന്നായി അന്നന്നും പിന്നിട്ട് അയാളുടെ അമ്മ അയാളുടെ പേര് മറ്റൊരോ ആയി ദൈവ്യോദികമായി തിരുത്തിയപ്പോൾ അയാളുടെ ജീവിതം തുടങ്ങുന്നതെന്ന് അയാൾക്ക് ഓർത്തെടുക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, അവൾക്ക് അറിയാമായിരുന്നു. കൂടെയുള്ള വൃദ്ധൻ ആരാണെന്ന് അറിയില്ലായിരുന്നെങ്കിലും, അയാൾ ആരായിരിക്കുമെന്ന് ഇന്നത്തെ മുൻപ് അയാളുടെ ഇടയ്ക്കിടയ്ക്കുള്ള വരവുകളിൽ ചിലരെയോ ചിലരെക്കുറിച്ചോ ആയി ഊഹിച്ചിരുന്നു. പുതിയ ആ പേരെന്തെന്ന് ഓർത്തെടുക്കാൻ കഴിഞ്ഞില്ലെങ്കിലും, അവൾക്ക് അറിയാമായിരുന്നു.

"ഞാൻ..."

"എനിക്ക് ഓർമ്മയുണ്ട്", രജനി അയാൾക്ക് പിന്നിലെ ചുവന്ന വെസ്പയിൽ നോക്കി, അതിനുമുമ്പ് രണ്ടു തവണ അയാളെ കണ്ടപ്പോഴും അയാൾ ഒരു കറുത്ത ബുള്ളറ്റിലായിരുന്നല്ലോ വന്നത് എന്ന് ഓർത്തുകൊണ്ട് പറഞ്ഞു.

"ഇതെന്റെ അച്ഛനാണ്".

അടഞ്ഞുകിടക്കുന്ന ജനാലയിൽ തന്നെ മുഴുകി, ആ ജനാലയെയും അവിടെ സംഭവിക്കുന്നതിനെല്ലാം എതൃപ്രപ്രകരണമെന്ന മട്ടിൽ നിൽക്കുകയായിരുന്ന വൃദ്ധനെ ചെറുപ്പക്കാരൻ തന്നിലേയ്ക്ക് ചേർത്തുനിർത്തി. രജനി 'അതുകൊണ്ട്?' എന്ന് തന്റെ പരിഷ്കരമോർ ചെയ്തില്ല. വൃദ്ധൻ ചെറുപ്പക്കാരനിൽ നിന്നും കുതറിമാറി വീണ്ടും തന്റെ നോട്ടം ജനാലയിൽ തറച്ചുനിർത്തി.

"ഒരു കാര്യം സംസാരിക്കാനാണ് വന്നത്. ബുദ്ധിമുട്ടില്ലെങ്കിൽ..."

എന്ത് കാര്യമാണ് അയാൾക്ക് സംസാരിക്കാനുള്ളതെന്നും എന്തായിരിക്കും അതിനോടുള്ള തന്റെ പ്രതികരണമെന്നും അറിയാമായിരുന്നിട്ടും രജനി അയാളെ അകത്തേയ്ക്ക് ക്ഷണിച്ചു. പുറത്തെ വെളിച്ചത്തിന്റെ നിക്ഷേപിക്കുന്ന ഗഗനമാലിന്യങ്ങളുടെയും അതിനെ നേരിടാൻ സദാ അകത്ത് പുകയുന്ന കന്തിരിക്കത്തിന്റെയും ഗന്ധങ്ങൾ ഉടക്കിനിൽക്കുന്ന, ഒരു മുറിയിലേയ്ക്ക് ചിരപരിചിതമായ ഒരിടത്തിലേയ്ക്കെന്നപോലെ അയാൾ കയറി. വൃദ്ധനെ ചെറുപ്പക്കാരൻ പരാതിയൊന്നുമില്ലാതെ ഇടംകൈയ്യാൽ പിടിച്ചുകൊണ്ടുവന്നു. ദ്രവിച്ചുതുടങ്ങിയ ഭിത്തിയിലൂടെ ഒരു ചെറിയ ചെടിയുടെ പാതി വേരുകൾ ഒരു ഇരമ്പുന്ന നിലപ്പിച്ചുകളിലെ തടിജനാലയുടെ ദിശയിലേയ്ക്ക് നടന്ന്, അതിന്റെ വലതുപാളി ഇറന്നു. മുറിയിലേയ്ക്ക് നഗരത്തിന്റെ നാറ്റം ഇരച്ചുകയറി; മതയാളത്തിലുള്ള ഒരു സ്വപ്നത്തിൽ നിന്നെന്നപോലെ രജനിച്ചുകളും ഒരു ഇമ്പിയും ഒപ്പം പറന്നുവന്നു. ജനാലയ്ക്കു പുറം, കൊടുവേനലിൽ ഉണങ്ങിത്തളർന്ന രണ്ട് വാഴകളിലേയ്ക്കും, അതിന്റെ ഒരു ഉയരത്തിലുള്ള അയയിൽ ഉണങ്ങാനിട്ടിരിക്കുന്ന രജനിയുടെ ഉടുപ്പുകളിലേയ്ക്കും, ആ തുരുമ്പിച്ച് പൊളിഞ്ഞു വീഴാൻ പാകമായി നിൽക്കുന്ന ഒരു വേലിയിലേയ്ക്കും, അവിടെ അലസമായി ചാരിവച്ചിരിക്കുന്ന ഒരു പൊട്ടിയ കണ്ണാടിയിലേയ്ക്കും, ഒരു ദ്ധ്യാനലിലേ രക്തമിഞ്ഞുകിടക്കുന്ന ഒരു റബ്ബർ ചെരിപ്പിലേയ്ക്കും, ജനാലയ്ക്കടിയിൽ നിന്നുയരുന്ന പുരമിടങ്ങളിലേയ്ക്കും നോക്കി മനോഹരമായ എന്തോ ഒന്നിനെ ധ്യാനിക്കുന്ന വണ്ണം ആ വൃദ്ധൻ നിന്നു.

"ആ പുസ്തകങ്ങൾ വേണ്ടെന്ന് പറയാനാണ് വന്നതെങ്കിൽ അധികം നേരം ഇവിടെയിരുന്ന ഇരിക്കേണ്ടെന്നില്ല വിൻസെന്റ്."

"താൻ വീട്ടിപ്പോയിരുന്നു."

"എന്നിട്ട്?"

"സത്യേട്ടനെ കണ്ടു."

"അങ്ങേര് എന്തു പറഞ്ഞു?"

"രജനി അയാളെ ഇട്ടേച്ച് പോയെന്ന് പറഞ്ഞു."

"അത് മാത്രമേ പറഞ്ഞുള്ളു?"

"വഹാബിന്റെ കൂടെയാ പോയതെന്നും പറഞ്ഞു."

"തെറിയൊന്നും പറഞ്ഞില്ലേ?"

"അത്... അത് പിന്നെ... പുള്ളിക്കാരൻ കൊറേനേരം കരഞ്ഞു..."

"ഓഹോ!"

"ഞാൻ വന്നത്..."

"അങ്ങേരുടെ വക്കാലത്തുമായിട്ടാണോ?"

"ഏയ് അല്ല..."

"അങ്ങേരാണോ ഇവിടെയാണ് ഞാൻ താമസിക്കുന്നതെന്ന് പറഞ്ഞത്?"

"അല്ലല്ല. രജനി എവിടെയാ താമസിക്കുന്നേന്ന് അറിയില്ലെന്നാ സത്യേട്ടൻ പറഞ്ഞത്."

"അപ്പോ എങ്ങനെയാ ഈ അഡ്രസ്സ് തപ്പിപ്പിടിച്ചത്?"

"അത്... വഹാബിന്റെ അറസ്റ്റിനെ കുറിച്ചുള്ള വാർത്ത ടി. വി.-ലും പത്രത്തിലുമൊക്കെ വായിച്ചപ്പോ..."

"ഓ, അങ്ങനെ."

"വഹാബിനെ പുറത്തിറക്കാനുള്ള നിയമവഴി വല്ലതും..."

"നിയമം ഉപദേശിക്കാനാണോ ഇപ്പോ ഇങ്ങോട്ട് വന്നത്? വന്ന കാര്യമെന്താന്ന് വച്ചാൽ അത് പറഞ്ഞിട്ട് പോയേപ്പോരേ?"

"അത്..."

"ആ പുസ്തകങ്ങൾ വേണ്ടെന്ന് പറയാനാണ് വന്നതെങ്കിൽ അധികം നേരം ഇവിടെയിരുന്ന ഇരിക്കേണ്ടെന്നില്ല വിൻസെന്റ്."

തനിക്ക് അയാളുടെ പേര് ഇപ്പോഴും ഓർമ്മയുണ്ടെന്ന ബോധ്യത്തിന്റെ അമ്പരപ്പിൽ അയാൾ തന്നെ പകച്ച് നോക്കുന്നതും അയാളുടെ ആവശ്യവുമായി ബന്ധപ്പെട്ട തന്റെ നിലപാടിൽ ഇപ്പോഴും മാറ്റമില്ലെന്ന വസ്തുതയെ താൻ ഉന്നയിച്ചതിൽ അയാൾ നോട്ടപ്പിഴക്കുന്നതും രജനി കൗതുകത്തോടെ നോക്കിനിന്നു. അവരുടെ സംഭാഷണത്തിൽ യാതൊരു താത്പര്യവും പ്രകടിപ്പിക്കാതെ, കസേരയുടെ ചുവട്ടിൽ വച്ചിരുന്ന മൺകൂജയെടുത്ത് അതിലെ കരിങ്ങോലിയിട്ട് തിളപ്പിച്ച വെള്ളം വായിലേയ്ക്ക് കമിഴ്ത്തുകയായിരുന്ന വൃദ്ധൻ അപ്പോൾ. ദാഹം തീർത്തിട്ട് കൂജ അതിന്റെ സ്ഥാനത്ത് തിരിച്ച വച്ച അയാൾ, പിന്നെ, ആ മുറിയിൽ രജനിയുടെയും വഹാബിന്റെയും ബോട്ടുകൾ വച്ചിരിക്കുന്നതിനടുത്തേയ്ക്ക്, അവയുടെ അലമാരയുള്ള ഉടുപ്പുകൾ കുട്ടിയിട്ടിരിക്കുന്നിടത്തേയ്ക്ക്, ടേബിൾ ഫാൻ കടകടാന് കറങ്ങുന്നിടത്തേയ്ക്കും, കന്തിരിക്കം പുകയുന്നിടത്തേയ്ക്കും, ഭക്ഷണസാമഗ്രികളും ഇൻഡക്ഷൻ കക്കറും മിക്സിയും കെട്ടിയും പാത്രങ്ങളും ഗ്ലാസ്സുകളും സ്പൂണുകളും കപ്പികളും ഡപ്പകളും ഡപ്പികളും വച്ചിട്ടുള്ള തട്ടിൽ ക്കിടന്നിരിക്കുന്നിടത്തേയ്ക്കും, ആ തട്ടിന്റെ കറപ്പിച്ചു ഒരു പുടിച്ചിച്ച ചിലയ്ക്കടിയിൽ ചിലവുകളും വച്ചിരിക്കുന്നിടത്തേയ്ക്കും, ഒരു മൂലയിൽ ചെറുപ്പമായി കിടന്ന് നീളുന്ന രജനിയുടെ സാരികൾ ചെറിയ അലമാരയിലേയ്ക്ക് പരതിയുടെ കൈപിടിച്ച് നിൽക്കുന്ന ഒരു ഹോട്ടോ ചിത്രതിൽ ഒറ്റയ്ക്കിരിക്കുന്നതിലേയ്ക്ക്, രജനിയുടെ മുന്ന് ചുവന്ന പോസ്റ്ററുകൾ ഒട്ടിച്ചുവച്ചിരിക്കുന്ന ഒരു മുക്കെത്തുള്ള ഇതിലിരിക്കുന്നതിലേയ്ക്കും, ഇതൊന്നുമായും ബന്ധമില്ലാതെ ഒരു മുഷിഞ്ഞ ഭാണ്ഡത്തിലേയ്ക്ക്, അതിൽ തിരിച്ചറിയാത്ത വണ്ണം കുത്തിനിറച്ചിരിക്കുന്ന പുസ്തകങ്ങളുടെ ഭാണ്ഡത്തിലേയ്ക്ക് നോക്കിയ ശേഷം, താഴെയിരുന്ന് ഭാണ്ഡം തുറന്നു. മുഷിഞ്ഞ ചാക്കിൽ കിടന്നിരുന്ന പുസ്തകങ്ങൾ വിൻസെന്റ് നോക്കിയ അവൾ, ആ ഭാണ്ഡത്തിൽ പ്രോഗ്രസ് പബ്ലിഷേഴ്സിന്റെയും റാദുഗയുടെയും പ്രൊഗ്രസ്സിന്റെയും മീർ പബ്ലിഷേഴ്സിന്റെയും സോവിയറ്റ് ബാലസാഹിത്യ പുസ്തകങ്ങളുടെയും ഒരു ശേഖരം കണ്ടെടുത്തപ്പോൾ അവിടെ തന്റെ ഇടതു കുട്ടിക്കാലം, വിൻസെന്റ് കാണാതെ രജനി അവ തിരിച്ചറിഞ്ഞു.

"വിൽക്കാൻ താത്പര്യമില്ലെങ്കിൽ വേണ്ട. പക്ഷേ, എന്നെ ആ പുസ്തകങ്ങൾ ഒന്ന് കാണിക്കുകയെങ്കിലും ചെയ്യാമോ? എനിക്കല്ല, അച്ഛനു വേണ്ടിയാണ്." ഇരുട്ട് കനത്തു ഇടതുവശത്ത് മുറിയിൽ കണ്ണുകളെത്തും ഇളവെള്ള പ്രകാശമുള്ള ഒരു സി.എഫ്.എൽ ബൾബ് തെളിച്ച ശേഷം രജനി വൃദ്ധനെയും വിൻസെന്റിനെയും മാറിമാറി നോക്കി. ആ പുസ്തകങ്ങൾ കാണിക്കാനാവില്ലെന്നോ അവ ഇപ്പോൾ തന്റെ കയ്യിലില്ലെന്നോ പറഞ്ഞ് വിൻസെന്റിനെ പറഞ്ഞയയ്ക്കുകയാണ് വേണ്ടതെന്ന് അറിയാമായിരുന്നിട്ടും, വൃദ്ധന്റെ നിശ്ശബ്ദ സാന്നിധ്യത്തിൽ, ഒരേ സമയം വിമുഖമായും നിസ്സംഗമായും അവൾക്ക് തോന്നിയ, ഏതോ പ്രേരണയാൽ പാട്ടിലാക്കപ്പെട്ടെന്നപോലെ, അവൾ തന്റെ ബാഗിൽ നിന്നും എഴുപതുകളിലും എൺപതുകളിലും മലയാളത്തിലിറങ്ങിയ റാദുഗയുടെയും പ്രോഗ്രസ്സിന്റെയും മീർ പബ്ലിഷേഴ്സിന്റെയും സോവിയറ്റ് ബാലസാഹിത്യ പുസ്തകങ്ങളുടെ പൊടിപിടിച്ച ഒരു ശേഖരമെടുത്ത് വിൻസെന്റിന്റെ നേരെ നീട്ടി. ഒരു ഇന്നിരിക്കുന്ന ഒരുവളിലൂടെ പുസ്തകങ്ങളുടെ ഒരു കൂമ്പാരം കുട്ടിക്കാലത്തെ അവൾക്ക് സമ്മാനിച്ചു. അവൾ വായിച്ച് കേൾപ്പിക്കുമ്പോൾ ആ മനുഷ്യന്റെ ചുവന്ന കവിളിലെ മഞ്ഞിന്റെ തിളക്കം വിടരുന്നതും ഇടയ്ക്ക് അവൾ വിൻസെന്റിന്റെ മുഖത്തും നിന്ന് നന്ദി പറഞ്ഞ കാര്യവും, അത് കുട്ടിക്കാലത്ത് തനിക്ക് കിട്ടിയ കളിപ്പാട്ടം പോലെ, അവൾ വീണ്ടും ഒന്നോർത്തു. അച്ഛന്റെ ആ രണ്ട് കൃത്യങ്ങളുടെയും പ്രേക കാരണങ്ങൾ വിൻസെന്റിന്റെ വിവരണത്തിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും, അവയുടെ നിർവ്വഹണനിമിഷങ്ങളിൽ ആ സ്ഥിതിയിൽ ഏല്ലാ പിടപ്പാനോ പളങ്ങിനിന്നതുണ്ടാവും, ആ പിടപ്പിന്റെ പച്ചിമിൽ തനിക്കും പരിചിതമാണല്ലോയെന്ന് രജനിക്ക് തോന്നി; ആയിരത്തിന്റെ നോട്ടുകെട്ട് നീട്ടി കച്ചവടവാശാനെ നടത്തിയ വിൻസെന്റിന്റെ 'മേലാൽ ഇതും പറഞ്ഞിവൻ ഈ വഴി വന്നുപോയേക്കരുത്' എന്ന് ആട്ടിപ്പായിക്കുമ്പോൾ, തൊട്ടറിയാനാവുന്നതു പോലെ അവരെ അറിയാനാവുന്നതുപോലെ എന്നും അവൾക്ക് തോന്നി. രജനി നീട്ടിയ പുസ്തകങ്ങൾ ഒന്നൊന്നായി മറിച്ച് നോക്കിയ ശേഷം വിൻസെന്റ് അവയിൽ ചിലത്, അടഞ്ഞുകിടക്കുന്ന ജനാലയിൽ ആകമനായി കസേരയിലിരിക്കുന്ന വൃദ്ധന്റെ മടിയിൽ വച്ചു. വൃദ്ധൻ അവയിലേയ്ക്ക് വെറുതെയെങ്കിലും ഒന്ന് നോക്കുക പോലും ചെയ്യാതെ, പകലിന്റെ ചൂട് വിട്ടുമാറിയിട്ടില്ലാത്ത തറയിലേയ്ക്ക് അവയെല്ലാം പൊടി പറത്തി തട്ടിയിട്ട ശേഷം, മടിയിലെ മൗത്ത് ഓർഗൻ തലയിൽ കയ്യിൽ മുറുക്കിപ്പിടിച്ച് കസേരയിൽ നിന്നെഴുന്നേറ്റ്, മുഖത്തെ വിയർപ്പ് ഇടംകൈകൊണ്ട് തുടച്ച്, ജനാലയുടെ അടുത്തേയ്ക്ക് ചെന്ന് വീണ്ടും അതിന്റെ വലതുപാളി ഇറന്നു. മുറിയിലേയ്ക്ക്, മുൻപത്തേതിലും പ്രചണ്ഡമായ നാറ്റം അടിച്ചുകയറി. മുറിയിലകപ്പെട്ട പോയിരുന്ന തുമ്പികളും ഈച്ചകളും പുറത്തേയ്ക്ക് കടന്നു. മറ്റൊരു തുമ്പി അഴികളെ ചുറ്റിപ്പറ്റി ഒരു നിമിഷം ചിറകടിച്ചിട്ട് അകത്തേയ്ക്ക് കയറാതെ പറന്നകന്നു. വിൻസെന്റ്, വൃദ്ധനെ അവിടെ നിന്നും പിടിച്ച മാറ്റാനോ ജനാലപ്പാളി അടയ്ക്കാനോ പോവാതെ, നിർമ്മമമെന്നോ മ്ലാനതയെന്നോ വ്യവച്ഛേദിക്കാനാവാത്ത കണ്ണുകളുമായി പുറത്തേയ്ക്ക് നോക്കിനിൽക്കുന്ന വൃദ്ധനെ പോലെ താഴെ വീണ കിടക്കുന്ന പുസ്തകങ്ങളെ നോക്കി നിൽക്കുന്നത് ഇപ്പോൾ അയാളിൽ ഇപ്പോൾ കലമ്പിക്കൊണ്ടിരിക്കുന്ന ആശയങ്ങൾ എന്തൊക്കെയായിരിക്കും, അയാളിൽ ഇപ്പോൾ പണിയെടുത്തുകൊണ്ടിരിക്കുന്ന പശ്ചാത്തലങ്ങൾ എന്തൊക്കെയായിരിക്കും, അയാളിൽ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന ഓർമ്മകൾ എന്തൊക്കെയായിരിക്കും എന്നൊരു തോന്നലിൽ മുഴുകി രജനി നോക്കിനിന്നു. മാവിന്റെ ഇങ്ങേത്തെ ചില്ലകളിൽ നിന്നും കാക്കകളുടെ ഒരു കൂറ്റൻ കൂട്ടം രാത്രി സംക്രമിച്ച ഇടങ്ങിയ സന്ധ്യയുടെ ചുവപ്പിലേയ്ക്ക് വലിയ ചെവിയിൽ ചിതറുന്നതായിരിക്കും വൃദ്ധൻ നോക്കിനിൽക്കുന്നതെന്ന് അവൾ സങ്കൽപ്പിച്ചു. കാക്കകളല്ലാം പറന്ന പോയിക്കഴിഞ്ഞപ്പോൾ, ഇളകിയുലയുന്ന ഇലകളിലേയ്ക്ക് കണ്ണുകളൂന്നി, അവിടെത്തന്നെ ഒരു നിമിഷം തങ്ങിയ ശേഷം, വൃദ്ധൻ ജനാലയടച്ച് തിരികെ കസേരയിൽ വന്നിരുന്നു.

"തരില്ലെന്നറിയാം. പക്ഷേ, ചോദിച്ചില്ല എന്ന പിന്നീട് തോന്നരുതല്ലോ. ഈ മനുഷ്യന്റെ ഓർമ്മെങ്കിലും എനിക്കീ പുസ്തകങ്ങൾ തരുമോ?"

ഈ പുസ്തകങ്ങൾ കൈവശമുള്ള മറ്റു മനുഷ്യരെയും തേടിയാണ് വന്നതെന്ന് താനിലും അവൻ ഊഹിച്ചിരിക്കുമോ എന്ന് രജനിക്ക് ഒരു നിമിഷം തോന്നി. അപ്പോൾ അവിടെയുള്ള മറ്റു മനുഷ്യരെ തന്നെ വന്നു കണ്ടു പോലെ വിൻസെന്റ് കണ്ടിട്ടുണ്ടായിരിക്കുമോ എന്ന് നാവിന്റെ തുമ്പത്തേയ്ക്ക് തികട്ടി വന്ന ഒരു സംശയത്തെ അടക്കിനിർത്തിയ രജനി, അയാളുടെ അരണ്ട കണ്ണുകളിലേയ്ക്ക്, അവയിലിഴയുന്ന ഉഴൽച്ചകളിലേയ്ക്ക്, തന്റെ നോട്ടത്തിന്റെ വാളുലയെ അഭിമുഖീകരിക്കാനാവാതെ ആ കണ്ണുകൾ താഴേയ്ക്ക് താഴേയ്ക്ക് പുന്ന് പോവുന്നതിലേയ്ക്ക്, ഒന്നും പറയാതെ, ഈ പുസ്തകങ്ങൾ കൈവശമുള്ള മറ്റു മനുഷ്യരെ തന്നെ വന്നു കണ്ടു പോലെ അയാൾ കണ്ടിട്ടുണ്ടാവുമെങ്കിൽ ആ മനുഷ്യർ അയാളോട് എപ്രകാരമാവും പ്രതികരിച്ചിട്ടുണ്ടാവുക എന്ന സംശയത്തെ പരിഗണിച്ച് നോക്കി നിന്നു. അച്ഛനെക്കുറിച്ചുള്ള മറ്റൊരു ദീർഘ വിവരണത്തിലേയ്ക്കാണ് അയാൾ ആഴുന്നതെന്ന് അവൾക്ക് തീർച്ചയായിരുന്നു. എന്തിനാണ് ഇതൊക്കെ അയാൾ തന്നോട് പറയുന്നതെന്നും എന്തിനാണ് ഇതൊക്കെ താൻ കേൾക്കാൻ നിൽക്കുന്നതെന്നും ഉള്ള ആശയക്കുഴപ്പത്തിൽ അയാളുടെ തീവ്രമായ ശബ്ദവിന്യാസം ദൈവഭരിതമായ ആരോഹണങ്ങൾക്കും അമർത്തിവയ്ക്കലുകൾക്കും ഒടുവിൽ അവൾ കേൾക്കാൻ തുടങ്ങി: രണ്ട് വർഷങ്ങൾക്ക് മുൻപ് തന്റെ അച്ഛന്റെ മുറിയിൽ മൂന്ന് ദൃശ്യങ്ങൾ, പിൽക്കാലത്ത് പലപ്പോഴും, കോട പുതഞ്ഞുകിടക്കുന്ന വളഞ്ഞുപുളഞ്ഞ മലമ്പാതകളിലൂടെ തനിച്ച് കാഞ്ചാവ് കടത്തിക്കൊണ്ടു വരുന്ന രാത്രികളിൽ പ്രത്യേകിച്ചും, അവളിലേയ്ക്ക് ആവർത്തിച്ച് തിരിച്ചെത്താൻ തുടങ്ങിയ ദൃശ്യങ്ങൾ, അവളെ ബാധിച്ചു. ഒന്ന്) അച്ഛന്റെ പഴയ ഉറുസുപ്പെട്ടിയിൽ എഴുപതുകളിലെ ഒരു ഓർമ്മക്കാലത്ത് അച്ഛൻ ഒറ്റക്കൊട്ടുകൊണ്ട് ചെയ്യ, പിന്നീട് തൊണ്ണൂറുകളിൽ ഒരു പെന്തക്കോസ്ത് പാസ്റ്ററായി മാറിയ ഒരാൾ, ബംഗാളിലൂടെ നടത്തിയ ഒരു സുവിശേഷപ്രഘോഷണയാത്ര/യാത്രയിൽ ഏതോ നഗരത്തിൽ നിന്നും ഒരു ചുവപ്പിന്റെ ചിഹ്നമായി മോഷ്ടിച്ചുകൊണ്ടുവന്ന അവളിലേയ്ക്ക് മുറ്റത്തായ, ഉഴുതുമറിച്ച വണ്ണം ചുവന്ന നിറമുള്ള രണ്ടുതുണിക്കെട്ടിനുള്ളിൽ കിടക്കുന്ന കുറേ പഴയ പുസ്തകങ്ങളുടെ ഒരു കൂട്ടം അവരുടെ ആദ്യനോട്ടത്തിൽ ... പാസ്റ്ററായിരുന്ന കാലത്ത് അച്ഛൻ ഉപേക്ഷിച്ച് ആവർത്തിച്ചുകൊണ്ടിരുന്ന ജീവനില്ലാത്ത പുസ്തകങ്ങൾ കണ്ടെത്തിയ ദിവസം, അയാൾ തന്റെ വൃദ്ധന്റെ മുൻപിലേയ്ക്ക് നിന്ന് അവൾക്കും മനസ്സിലായി; അതിന്റെ പുറത്ത് ഒപ്പിടുന്ന ഒരു മനുഷ്യനെ തന്നെയാണ് വിൻസെന്റ് കണ്ടത്. രണ്ട്) അമ്മയുടെ ശവക്കല്ലറ കാണിക്കാൻ അച്ഛനെയും കൂട്ടി വിൻസെന്റ് പള്ളിയിലേയ്ക്ക് പോയ ദിവസം, ഒരു സെമിത്തേരിച്ചെടിയിൽ നിന്നും കറച്ച് വയലറ്റ് പൂക്കൾ പറിച്ച് കല്ലറയ്ക്ക് മേലെ വിതറുന്ന അച്ഛനെ അയാൾ കണ്ടിട്ടുണ്ട്. അച്ഛന്റെ പഴയ വെസ്പ പുതുക്കിപ്പണിതിറക്കിയ ശേഷം അതിൽ അയാളെയുമിരുത്തി ഗുരു മാളിലേയ്ക്ക് പോയ ദിവസം, അച്ഛൻ ഇവിടെ ഉപേക്ഷിച്ചിട്ട് കടന്നുകളയും എന്നൊരു തോന്നലിന്റെ സാധ്യതകൾക്ക് വശംവദരായിട്ട് അച്ഛനിൽ നിന്നും ആൾക്കൂട്ടത്തിലേയ്ക്ക് മറഞ്ഞ വിൻസെന്റ് അൽപനേരം കഴിഞ്ഞ് ഒരു സി.സി.ടി.വി. ക്യാമറയുടെ സാധ്യതകൾക്ക് വിധേയപ്പെട്ട് അച്ഛനെ ഉപേക്ഷിച്ച ആസ്പത്രിയിൽ അച്ഛനുണ്ടായിരിക്കുമെന്ന് ഉറപ്പിച്ച് തിരിച്ചെത്തി അവിടെ ഇല്ലാത്ത ആൾക്കൂട്ടത്തിൽ അച്ഛനെ അന്വേഷിച്ചു നടന്നപ്പോൾ, ഒരു മൂലയിലെ ഒരു ആ മാളിന്റെ പഴയൊരു മൂലയിലിരുന്ന് ഈ മാളിന്റെ ഒരു പുസ്തക കടയിൽ ആ സോവിയറ്റ് പുസ്തകങ്ങളിൽ ഒന്ന് കയ്യിൽ വച്ചിരിക്കുന്ന അച്ഛനെ അയാൾ കണ്ടു. കെട്ടിടത്തിന്റെ എസ്കലേറ്ററിൽ നിന്നും ഒരു എസ്ക്കലേറ്ററിൽ ഉയർന്ന് വന്ന് അതേ നിലയിലുള്ള എസ്കലേറ്ററിലേയ്ക്ക് നടന്ന പോകുന്ന.

അച്ഛന്റെ തിരിച്ചുവരവിനെക്കുറിച്ചുള്ള വിവരണം അവസാനിപ്പിച്ച് കഴിഞ്ഞ് വിൻസെന്റ് പ്രത്യാശയോടെ രജനിയെ നോക്കിനിന്നു. എന്താണ് അയാളോട് പറയേണ്ടതെന്നും എങ്ങനെയാണ് അത് പറയേണ്ടതെന്നും അറിയാമായിരുന്നെങ്കിലും, രജനി അൽപനേരം നിശ്ശബ്ദയായി, ഭാര്യയുടെ കല്ലറയിൽ വയലറ്റ് പൂക്കൾ വിതറുന്ന വൃദ്ധനിൽ കരങ്ങിനിന്ന ശേഷം, വിൻസെന്റിനെ നോക്കി മന്ദഹസിച്ചു. താൻ പറയാൻ പോകുന്ന കാര്യം പറയുന്നതിന് മുൻപേ കേട്ടിട്ടെന്ന പോലെ അയാൾ മങ്ങിവിളറുന്നത് കണ്ട്, "ആർക്ക വേണ്ടിയാണെങ്കിലും, എപ്പൈസ തരാമെന്ന് പറഞ്ഞാലും, ഞാൻ ഈ പുസ്തകങ്ങൾ തരാനോ വിൽക്കാനോ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് അച്ഛനുമായി ഇനിയും ഇവിടെ നിക്കണ്ടാന്നില്ല, വിൻസെന്റെ." എന്ന് അയാളോട് പറഞ്ഞു. വിൻസെന്റിന്റെ വിവരണത്തിൽ താൻ സെമിത്തേരിയിൽ എത്തിയപ്പോൾ മുതൽ, മറന്നു ഞാൻ ചുണ്ടത്ത് വച്ച്, ഇളകിഉലോയ്ക്ക നിറഞ്ഞ തന്റെ വായുത്തിലേയ്ക്ക് ആവാഹിക്കാനാവാത്ത ഒരു സംഗീതത്തിന്റെ ഭാഗമായപോലെ അയാളുടെ ഓരോ ദ്രവിച്ച് വരുന്ന അയാൾ ഒരു സംഗീതതരംഗം പോലെ ചലിച്ച് ചെയ്യുന്ന ഒരു ഇരിക്കുകയായിരുന്ന വൃദ്ധൻ, അപ്പോൾ, അതിൽ നിന്നും ദ്രുതഗതിമോഹനമായ ഒരിണം പറപ്പെടുവിച്ചു. അനവധിയനവധി വർഷങ്ങൾ നീണ്ട ഒരു ശീതകാലനിദ്രയിൽ നിന്നും അതുയരും വർഷങ്ങൾ മുഴുവൻ കണ്ടുകൊണ്ടിരിക്കുകയായിരുന്ന ഒരു അസംബന്ധ സ്വപ്നത്തിന്റെ ഏറ്റവും സുന്ദരമായ പരിണതിയിലേയ്ക്ക് ഉണർന്നുവരുന്ന ഒരു ജീവിയെപ്പോലെ, രജനിയെ നോക്കി പുഞ്ചിരിച്ചു, അഴിഞ്ഞലഞ്ഞ് ചിരിച്ചു.

മൂന്ന്

അന്നു രാത്രി, നിറയെ ചിത്രപ്പണികളുള്ള ഒരു നീല പൈജാമയും ഒരു കറുത്ത ടീ ഷർട്ടും ഒരു ചുവന്ന കൈയില്ലാസ്വെറ്ററും ധരിച്ച്, കസേരയിൽ ചരിഞ്ഞു കിടന്നുറങ്ങുന്ന കാവൽക്കാരനെ ഉണർത്താത്ത ചുവടുകളുമായി അപ്പാർട്ട്മെന്റിന്റെ ഗെയ്റ്റ് തുറന്ന് ഇറങ്ങി വരുന്ന നഗ്നപാദനായ വൃദ്ധനെ കണ്ടപ്പോൾ, ചാഞ്ഞു നിൽക്കുന്ന ഒരു തെരുവുവിളക്കിന്റെ ചുവട്ടിലെ ധൂമിലമായ മഞ്ഞ വെളിച്ചത്തിൽ, ഈയലുകളാൽ പൊതിയപ്പെട്ടും രണ്ടു ദിവസം മുൻപ് മറ്റൊരു പൂച്ചയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ മുതുകിലും മുൻകാലുകളിലുമേറ്റ പരുക്കുകളാൽ വലയ്ക്കപ്പെട്ടും ഇനിയെങ്ങോട്ട് എന്ന അതിപുരാതന ആഖ്യാനസമസ്യയാൽ ഞെരുക്കപ്പെട്ടും ഏറെ നേരമായി ദാർശനികമായ ഒരു നിശ്ചലതയിൽ നില കൊള്ളുകയായിരുന്ന രാസാത്തി എന്ന് പേരുള്ള ഒരു തടിച്ചി പുള്ളിപ്പൂച്ചയ്ക്ക്, ഈ മനുഷ്യന് എന്നെ ഓർമ്മയുണ്ടാവുമോ എന്നൊരു സംശയമുണ്ടായി. രണ്ടു ദിവസം മുൻപ് വരെ ആ അപ്പാർട്ട്മെന്റിന്റെ പന്ത്രണ്ടാം നിലയിലെ ഫ്ലാറ്റിൽ, തനിക്ക് ഓർമ്മ വച്ചപ്പോൾ മുതൽ തന്നെ പോറ്റിവളർത്തുന്ന ഒരു യുവതിയുടെ കൂടെ താമസിക്കുകയായിരുന്ന അവൾ, അതിനു മുൻപ് ഒരിക്കൽ, ആ ഫ്ലാറ്റിലേയ്ക്ക് ഇടയ്ക്കിടെ വരാറുള്ള ഒരു ചെറുപ്പക്കാരൻ അയാളെയും കൂട്ടി തന്റെ യജമാനത്തിയെ കാണാൻ രണ്ടു ദിവസം മുൻപ് വന്നപ്പോൾ, വൃദ്ധനെ കണ്ടിട്ടുണ്ടായിരുന്നു. കാരണരഹിതമായി നിറഞ്ഞുരുവുന്ന ഒരു സങ്കടമല്ലാതെ ഉപേക്ഷിച്ചു പോകാൻ മറ്റു കാരണങ്ങളില്ലാത്ത ഫ്ലാറ്റിലെ സുഭിക്ഷവും സുരക്ഷിതവുമായ ജീവിതമുപേക്ഷിച്ച് കാരണരഹിതമായി പെരുകി മുറുകുന്ന ഒരു തരിപ്പല്ലാതെ സ്വീകരിക്കാൻ മറ്റു കാരണങ്ങളില്ലാത്ത തെരുവിന്റെ അനിശ്ചിതവും കലുഷിതവുമായ ജീവിതം സ്വീകരിക്കണോ വേണ്ടയോ എന്ന, ദിവസം ചുരുങ്ങിയത് പതിനെട്ടു മണിക്കൂറെങ്കിലും ഉറങ്ങാൻ ഇഷ്ടപ്പെട്ടിരുന്ന ഒരുവളിൽ നിന്നും ഏറിയാൽ മൂന്നോ നാലോ മണിക്കൂർ മാത്രം ഉറങ്ങാനാവുന്ന ഒരുവളായി അവളെ രൂപാന്തരപ്പെടുത്തിയ ഒരു അസ്തിത്വപ്രതിസന്ധിയിലൂടെ അവൾ കടന്നുപൊയ്ക്കോണ്ടിരുന്ന കാലമായിരുന്നു അത്. അന്ന്, വൃദ്ധന് ഒരു കപ്പ് ചായയും ഒരു പ്ലേറ്റ് ഉപ്പു ബിസ്കറ്റും നൽകി സ്വീകരണമുറിയുടെ മൂലയിലെ ഒരു ബീൻബാഗിലിരുത്തിയിട്ട് അവളുടെ യജമാനത്തിയും ചെറുപ്പക്കാരനും കിടപ്പുമുറിയിലേയ്ക്ക് പോയി വാതിലടച്ചു കഴിഞ്ഞപ്പോൾ, അത്രയും നേരം ബാൽക്കണിയഴികൾക്കിടയിലൂടെ തലയിട്ട് ഇല്ലാക്കാഴ്ചകളിൽ നോക്കി, ഇല്ലാശബ്ദങ്ങൾക്ക് ചെവിയോർത്തിരിക്കുകയായിരുന്ന അവൾ വൃദ്ധന്റെ അടുത്തേയ്ക്ക് വന്ന്, അയാളുടെ കാൽച്ചുവട്ടിൽ ചുരുണ്ടുകൂടി, എന്തുകൊണ്ടെന്ന് അവൾക്ക് തിരിച്ചറിയാനാവാതിരുന്ന ഒരു തീവ്രതയോടെ, അയാളുടെ കണ്ണുകളിൽ ഏതാനും നിമിഷങ്ങൾ ആണ്ടുപൂണ്ടുകിടന്നു. തന്റെ തലയിലൂടെ കുറച്ചു കാലമായി ചൂളം വിളിച്ചലറിയലയുന്ന ക്ഷുദ്രജീവികൾ ഈ മനുഷ്യന്റെ തലയിലൂടെയും ഇപ്പോൾ ചൂളം വിളിച്ചലറിയലയുന്നുണ്ടെന്ന്, അങ്ങനെ തോന്നാൻ പ്രത്യേകിച്ചെന്തെങ്കിലും കാരണമോ തെളിവോ അവളുടെ പക്കലില്ലായിരുന്നെങ്കിലും, ആ കിടപ്പിൽ അവൾക്ക് തോന്നി. അവളെ ശ്രദ്ധിക്കാതെ, എതിർവശത്തെ പാൽപ്പാടനിറമുള്ള ഭിത്തിയിൽ ഒരു കുറ്റൻ ചിലന്തി, മഹത്തായ ഒരു കലാസൃഷ്ടിയിൽ ഏർപ്പെടുന്ന ഏകാഗ്രതയോടെ, പ്രാണിപിടുത്തത്തിൽ ഏർപ്പെട്ടിരിക്കുന്നത് ഉദ്വേഗഭരിതനായി വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു, വൃദ്ധൻ അപ്പോൾ. അത് കണ്ട്, ഇതോ കലാമഹിമ എന്നൊരവജ്ഞയോടെ, ചിലന്തിയിറച്ചിയോട് വലിയ മമതയുള്ള രുചിസ്പർശിനികൾ ഇല്ലായിരുന്നെങ്കിലും ചിലന്തികളെ വേട്ടയാടാനുള്ള അസാമാന്യ പ്രതിഭയാൽ അനുഗ്രഹീതയായിരുന്ന രാസാത്തി ചാടിമറിഞ്ഞ് ഞൊടിയിടയിൽ ആ ചിലന്തിയെ കൊലപ്പെടുത്തി ഭക്ഷിച്ചു. കൃത്യം നിർവ്വഹിച്ച ശേഷം, തന്റെ പ്രകടനം വൃദ്ധനെ ചൊടിപ്പിച്ചിട്ടുണ്ടാവുമോ എന്നൊരങ്കലാപ്പിൽ അയാളെത്തന്നെ നോക്കിയിരുന്ന അവൾ, നിശബ്ദതയുടെ ഹ്രസ്വമായ ഒരിടവേളയ്ക്ക് ശേഷം കൊള്ളാം കൊള്ളാം കൊള്ളാം എന്ന് അയാൾ പതിയെ കയ്യടിക്കുന്നത് കണ്ട് മനസ്സ് നിറഞ്ഞ്, നാത്തുമ്പിലേയ്ക്ക് അപ്പോഴേയ്ക്കും തിക്കുമുട്ടിവന്നിരുന്ന ഓക്കാനത്തെ തത്ക്കാലത്തേയ്ക്ക് വരുതിയിൽ നിർത്തി, വൈകാതെ താൻ ഛർദ്ദിച്ച് അവശയാകുമെന്ന് അറിയാമായിരുന്നിട്ടും, ആ മുറിയുടെ ഭിത്തികളിലും തറയിലുമുണ്ടായിരുന്ന മറ്റു മൂന്നു ചിലന്തികളെക്കൂടി ഓടിനടന്ന് കൊലപ്പെടുത്തി ഭക്ഷിച്ചു; ഓരോ തവണയും വൃദ്ധൻ അവളെ കയ്യടിച്ച് അഭിനന്ദിക്കുകയും ചെയ്തു. തനിക്ക് മൂന്നു നേരം പുഷ്ടിപ്രദമായ പൂച്ചഭക്ഷണവും രുചികരമായ പാലും തരുമായിരുന്നെങ്കിലും, തന്നെ വേണ്ടവിധം കൊഞ്ചിക്കുകയും പുന്നാരിക്കുകയും കളിപ്പിക്കുകയും ചെയ്യുമായിരുന്നെങ്കിലും, ചിലന്തികളെ പിടികൂടാനുള്ള തന്റെ പാടവത്തെ മാത്രം, പലപലതണ പല പലവിധത്തിൽ താനത് പ്രദർശിപ്പിച്ചിട്ടും, തന്റെ യജമാനത്തി ഇക്കാലത്തിനിടയിൽ ഒരിക്കൽ പോലും ശ്രദ്ധിക്കുകയോ അംഗീകരിക്കുകയോ ചെയ്തിരുന്നില്ലെന്നത് അവളുടെ വലിയ നിരാശകളിലൊന്നായിരുന്നായതിനാൽ, തന്റെ സിദ്ധിയെ ആദ്യമായി ഒരാൾ വാഴ്ത്തുന്നത് കണ്ടപ്പോൾ, അതിനോട് എങ്ങനെ പ്രതികരിക്കണമെന്നോ അയാളോട് എപ്രകാരം നന്ദി പറയണമെന്നോ അറിയാതെ അവൾ ആനന്ദത്താൽ സ്വയം മറന്ന് അയാളെ നോക്കിയിരുന്നു. കുറച്ചു നേരം കഴിഞ്ഞ് അകത്തെ മുറിയിൽ നിന്നും വാതിൽ തുറന്ന് പുറത്തേയ്ക്ക് വന്ന യജമാനത്തിയും ചെറുപ്പക്കാരനും വൃദ്ധനെയും കൂട്ടി ഫ്ലാറ്റിന്റെ പുറത്തേയ്ക്കിറങ്ങുന്നത് കണ്ട്, അവൾ അവരുടെ പിന്നാലെ, അയാളുടെ ദേഹത്ത് ചാടി മൂത്രമൊഴിച്ച് അയാളെ തന്റെ പ്രവിശ്യയായി പ്രഖ്യാപിക്കാനുള്ള അടക്കാനാവാത്ത പ്രലോഭനത്തെ എങ്ങനെയൊക്കെയോ അടക്കിനിർത്തി, വാതിൽ വരെ നടന്നു. വാതിൽ പൂട്ടാതെ ഒരിക്കൽ പോലും ഫ്ലാറ്റിന്റെ പുറത്തേയ്ക്കിറങ്ങാറില്ലാത്ത അവളുടെ യജമാനത്തി അന്ന് ആദ്യമായി വാതിൽ പൂട്ടാതെ പുറത്തിറങ്ങിയതിനെ, അവ്യാഖ്യേയമായ ഏതെല്ലാമോ ഉണർച്ചകളാൽ ഉന്മത്തയായി, തന്റെ ഉറക്കം അപഹരിച്ച പ്രഹേളികയുടെ പരിഹാരമായി വ്യാഖ്യാനിച്ച അവൾ, ആ വ്യാഖ്യാനത്തിന്റെ ആഘാതത്തിൽ അൽപസമയം ഉറങ്ങിയ ശേഷം, തുറന്നു കിടന്ന വാതിലിലൂടെ പുറത്തു ചാടി, ഒൻപതാം നിലയിലും മൂന്നാം നിലയിലും വച്ച് ഛർദ്ദിച്ച് പന്ത്രണ്ടു നിലകളുടെ പടികളിറങ്ങി, അപ്പാർട്ട്മെന്റിന്റെ ഗെയ്റ്റ് കടന്ന്, ഇനി മടക്കമില്ലെന്ന് തന്നോട് ആവർത്തിച്ചുപറഞ്ഞ്, വിട്ടുപോരുന്ന ഇടത്തേയ്ക്ക് ഒരിക്കൽ കൂടി തിരിഞ്ഞു നോക്കി, തെരുവിലേയ്ക്കിറങ്ങി. ഇനിയെന്തു ചെയ്യുമെന്ന് വലഞ്ഞും വിശന്നു പൊരിഞ്ഞപ്പോൾ ചപ്പുകുനകളിൽ പരതിയും ആദ്യമായി ലൈംഗികാനന്ദം അറിഞ്ഞും രതിയിലേർപ്പെട്ട ശേഷം എങ്ങോട്ടോ ഓടിപ്പോയ തവിട്ടുനിറമുള്ള ഒരു പൂച്ചയെ കാത്തും അങ്ങനെ കാത്തുനിൽക്കുമ്പോൾ അവളെ ലൈംഗികമായി സമീപിച്ച മറ്റൊരു പൂച്ചയെ തിരസ്കരിച്ചും തിരസ്കരിക്കപ്പെട്ടതിൽ ഇളിഭ്യനായി ചാരനിറമുള്ള ആ പൂച്ച അവളെ ആക്രമിച്ചപ്പോൾ പരുക്കേറ്റിട്ടും ധീരമായി പൊരുതി അവനെ തുരത്തിയും തവിട്ടു നിറമുള്ള പൂച്ച ഇനിയൊരിക്കലും തിരിച്ചുവരില്ലെന്ന് ഹതാശയായും യജമാനത്തിയെ ഓർത്ത് സങ്കടപ്പെട്ടും ഒന്നും പറയാതെ യജമാനത്തിയെ വിട്ടുപിരിഞ്ഞതിൽ മനം നൊന്തും ജീവിച്ച രണ്ടു ദിവസങ്ങൾക്ക് ശേഷം ഫ്ലാറ്റിലേയ്ക്ക് തിരിച്ചു ചെല്ലാമെന്ന് തീരുമാനിച്ച് അങ്ങോട്ടേയ്ക്ക് ചെന്ന അവൾ, അപ്പാർട്ട്മെന്റിന്റെ ഗെയ്റ്റിന്റെ മുന്നിലെത്തിയപ്പോൾ, വേണ്ട, മടങ്ങില്ലെന്ന് ഉറപ്പിച്ച ഇടത്തേയ്ക്ക് മടങ്ങണ്ടെന്ന് തന്നോട് ആവർത്തിച്ചുപറഞ്ഞ് അവിടെ നിന്നും തിരിച്ചുനടന്നു. അൽപസമയം കഴിഞ്ഞപ്പോൾ നിറയെ ചിത്രപ്പണികളുള്ള ഒരു നീല പൈജാമയും ഒരു കറുത്ത ടീ ഷർട്ടും ഒരു ചുവന്ന കൈയില്ലാസ്വെറ്ററും ധരിച്ച്, കസേരയിൽ ചരിഞ്ഞു കിടന്നുറങ്ങുന്ന കാവൽക്കാരനെ ഉണർത്താത്ത ചുവടുകളുമായി അപ്പാർട്ട്മെന്റിന്റെ ഗെയ്റ്റ് തുറന്ന് ഇറങ്ങി വരുന്ന നഗ്നപാദനായ വൃദ്ധനെ അവൾ കണ്ടു. ഈ മനുഷ്യൻ പാതിരാത്രിക്ക് ഉലാത്താനിറങ്ങിയതാണോ അതോ തന്നെപ്പോലെ എക്കാലത്തേയ്ക്കുമായി തെരുവിലേയ്ക്കിറങ്ങിയതാണോ എന്ന് കുഴങ്ങി നിന്ന അവളെയും കടന്ന് വൃദ്ധൻ മുന്നോട്ടു നടന്നു. അത് കണ്ട് ഒരു നിമിഷം കൂടി സന്ദേഹിച്ചു നിന്ന അവൾ, മ്യാവൂമ്യാവൂമ്യാവൂ എന്ന് മൂന്നു വട്ടം വിളിച്ചിട്ടും തന്നെ ശ്രദ്ധിക്കുകയേ ചെയ്യാതെ നടപ്പ് തുടരുകയായിരുന്ന വൃദ്ധന്റെ പിന്നാലെ, തന്നെ ഇയാൾ ശ്രദ്ധിച്ചാലും ഇല്ലെങ്കിലും, തന്നെ ഇയാൾക്ക് ഓർമ്മയുണ്ടെങ്കിലും ഇല്ലെങ്കിലും, ഈ രാത്രി താൻ ഇയാളുടെയൊപ്പം തന്നെ നടക്കും എന്ന തീർച്ചപ്പെടുത്തലോടെ, എന്തിനാണിപ്പോൾ അങ്ങനെയൊരു തീർച്ചപ്പെടുത്തലെന്ന് ഉത്കണ്ഠപ്പെട്ട ഒരു പ്രതിലോമ വിചാരത്തെ പോപോപോ എന്ന് ആട്ടിപ്പായിച്ച്, പരുക്കു പറ്റിയ കാലുകളിലെ വേദനയെ കടിച്ചുപിടിച്ച്, ഓടിച്ചെന്നു. അവർക്കൊപ്പം കൂടിയ ഒരു വെള്ളപ്പൂച്ചയെ അവൾ ഒരു പുള്ളിപ്പുലിയെയെപ്പോലെ വാ പിളർത്തി ചീറിയലറി അവിടെ നിന്നും തുരത്തി. ആ പൂച്ചപ്പോരിന്റെ പല സ്ഥായിയിലുള്ള ശബ്ദങ്ങൾ വൃദ്ധന്റെ ശ്രദ്ധയെ തന്നിലേക്കെത്തിക്കുമെന്ന് അവൾ വിചാരിച്ചെങ്കിലും അവൾ വിചാരിച്ചതു പോലെ സംഭവിച്ചില്ല. അയാളുടെ കാലിൽ തോണ്ടാമെന്നോ അല്ലെങ്കിൽ അയാളുടെ തോളത്ത് ചാടിക്കയറാമെന്നോ ഉള്ള ആലോചനകളെ അങ്ങനെ ചെയ്താൽ അയാൾ തന്നെ ചുരുട്ടിക്കൂട്ടി വലിച്ചെറിയുമെന്നും അയാളുടെ മുന്നിൽ കയറി നടക്കാമെന്ന ആലോചനയെ അങ്ങനെ ചെയ്താൽ അയാൾ അവളുടെ കണ്ണുവെട്ടിച്ച് കടന്നുകളയുമെന്നും ഭയന്ന് അവൾ തള്ളിക്കളഞ്ഞു. അവർ നടന്നുകൊണ്ടിരുന്ന സിമന്റ് പാകിയ ഇടവഴി നാലു വളവുകൾ താണ്ടി ഹൈവേയിലേയ്ക്ക് പ്രവേശിക്കുന്ന ഇടുങ്ങിയ തിരിവിലെത്തിയപ്പോൾ, ആ തിരിവിന്റെ വക്കിൽ നിൽക്കുന്ന ഒരു മരം, താക്കീതില്ലാതെ ആഞ്ഞുവീശിയ ഒരു പൊടിക്കാറ്റിൽ നടുങ്ങിയുലഞ്ഞ്, വൃദ്ധന്റെയും അവളുടെയും മേലെ വരണ്ട ഇലകളും മഞ്ഞപ്പൂക്കളും വാരിവിതറി. വെകിളിപിടിച്ചിക്കിളിപ്പെട്ട് അവൾ അത് മുഴുവൻ അപ്പോൾ തന്നെ കുടഞ്ഞു കളഞ്ഞു. പക്ഷേ, തൊട്ടടുത്ത നിമിഷം, ഇലകളും പൂക്കളും ചൂടി ഹൈവേയിലേയ്ക്ക് പ്രവേശിക്കുന്ന വൃദ്ധനെ കണ്ടപ്പോൾ, ഇലകളും പൂക്കളും ചൂടി നടക്കുന്ന ഒരു മനുഷ്യനെ കാണാൻ ഇത്രയും ചന്തമുണ്ടെങ്കിൽ, ഇലകളും പൂക്കളും ചൂടി നടക്കുന്ന തന്നെ കാണാൻ എന്തോരം ചന്തമുണ്ടാവുമായിരുന്നു എന്നൊരു ഖേദം അവൾക്കുണ്ടായി. ഹൈവേയിൽ പ്രവേശിച്ച വൃദ്ധൻ നടപ്പിന്റെ വേഗം കൂട്ടിയതോടെ അയാൾക്കൊപ്പം നടന്നെത്താൻ ആവശ്യമായി വന്ന കായക്ലേശം അവളുടെ കാലുകളിലെ വേദനയെ ഒരു കാറിക്കരച്ചിലിന്റെ വക്കിലെത്തിച്ചു; വേദനയ്ക്ക് ആ വക്ക് മുറിച്ചുകടക്കാതിരിക്കാനാവില്ലെന്നായപ്പോൾ അവൾ കാറിക്കരയുകയും എന്നിട്ടുപോലും ഇയാൾ എന്തുകൊണ്ടാണ് തന്നെ ശ്രദ്ധിക്കാത്തതെന്ന് ഉടൻ നിരാശപ്പെടുകയും ചെയ്തു. വേദനിച്ചും നിരാശപ്പെട്ടും നടന്ന ആ നടപ്പിനിടയിലും അവളുടെ ശ്രദ്ധയെ സ്വാധീനിച്ച കുതിച്ചോടുന്ന വാഹനങ്ങളെയോ കടത്തിണ്ണകളിലുറങ്ങുന്ന മനുഷ്യരെയോ ചപ്പുകുനകളിൽ പരതുന്ന കാക്കകളെയോ പടുകൂറ്റൻ പരസ്യപ്പലകകളെയോ ശ്രദ്ധിക്കാതെ, വേച്ചുവേച്ചുകുഴഞ്ഞുവലിഞ്ഞിഴയുന്ന മധുരശബ്ദത്തിൽ ജിന്നിനും ജിന്നുകൾക്കുമൊരു സ്തുതിഗീതം ആലപിക്കുന്ന ഒരു പാപ്പാനെയും പുറത്തിരുത്തി ആടിയാടി പോകുന്ന ഒരു ആനയെ പോലും ശ്രദ്ധിക്കാതെ, അയാൾ ഏറെദൂരം തല താഴ്ത്തി, വരണ്ട ഇലകളും മഞ്ഞപ്പൂക്കളും പൊഴിച്ച്, ഒരു അസംബന്ധവൃക്ഷമെന്ന പോലെ നടന്നു. എത്ര ദൂരം ഇയാളിങ്ങനെ നടക്കുമെന്ന അവളുടെ കൗതുകം എത്ര ദൂരം ഇയാളിങ്ങനെ നടക്കുമെന്ന ഒരു പരിഭ്രമമായി വളരുന്നതിനിടയിൽ, കലിച്ചുതുള്ളി കടന്നുപോയ ഒരു ടിപ്പർ ലോറിയിൽ നിന്നും രണ്ടു യുവാക്കൾ ആ നാലുവരിപ്പെരുമ്പാതയിലേയ്ക്ക് വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്ക് കവറുകളിൽ നിന്നും ചിതറിയ കോഴികളുടെയും പന്നികളുടെയും പശുക്കളുടെയും പോത്തുകളുടെയും ആടുകളുടെയും അളിഞ്ഞ മാംസത്തുണ്ടുകൾ കണ്ട് അയാൾ പെട്ടെന്ന് നടപ്പു നിർത്തി നിശ്ചലനായി. അതിലൊരു കവർ അയാളുടെ കാൽച്ചുവട്ടിലാണ് വീണത്. വഴിയിലെ ഇറച്ചിക്കഷണങ്ങളിലേയ്ക്ക് എവിടെനിന്നൊക്കെയോ ഓടിയടുത്ത തെരുവുനായ്ക്കളിൽ രണ്ടെണ്ണം അയാളുടെ കാൽച്ചുവട്ടിലുമെത്തി. അയാളെ പോലെ അവരും അവളെ ശ്രദ്ധിക്കുകയേ ചെയ്യുന്നില്ലായിരുന്നെങ്കിലും, അവരെ അത്രയും അടുത്ത് കണ്ട് പേടിച്ചു കിടുകിടുത്ത രാസാത്തി, എത്രയും പെട്ടെന്ന് ഇയാൾ ഇവിടെ നിന്നും നടന്നു പോകണേ എന്നൊരു പ്രാർത്ഥനയിൽ മുഴുകി, ആ പട്ടികളിൽ ഒരു കാലില്ലാത്ത ഒരുവന്റെ കണ്ണുകളിലെ വിശപ്പിലേയ്ക്ക് പാളിപ്പാളിനോക്കി, അയാളുടെ പിന്നിൽ പമ്മിപ്പമ്മി നിന്നു. അതിദീർഘമായ രണ്ടു നിമിഷങ്ങൾക്കു ശേഷം അയാൾ മുൻപത്തെക്കാൾ വേഗത്തിൽ അവിടെ നിന്നും നടന്നകന്നെങ്കിലും കിടുകിടുപ്പിന്റെ വിടാപ്പിടുത്തത്തിൽ നിന്നും മോചിതയാവാൻ അവൾക്ക് പിന്നെയും ഏറെ നേരം വേണ്ടിവന്നു. അവരിരുവരും തീവണ്ടിപ്പാളങ്ങൾക്ക് മേലെ പണിത ഒരു ഫ്ലൈയോവറിന്റെ ചുവട്ടിലെത്തിയപ്പോൾ, അവളുടെ ഊഹം ശരിവച്ചുകൊണ്ട്, അയാൾ അതിൽ കയറാതെ, അരികുകളിൽ അവിടെയുമിവിടെയും ഏതാനും മനുഷ്യരും ഏതാനും നായ്ക്കളും ചിതറിയുറങ്ങുന്ന അടിപ്പാതയിലേയ്ക്ക്, നടപ്പിന്റെ വേഗം കുറച്ച്, നടന്ന ദൂരങ്ങളുടെ കിതപ്പോടെ പ്രവേശിച്ചു. തൊട്ടുപിറകെ ഒരു പൊലീസ് റോന്തുചുറ്റൽ വണ്ടി അവിടേയ്ക്ക് സൈറൺ മുഴക്കി വന്ന് സഡൻബ്രേക്കിട്ട് നിന്നു. വണ്ടിയിൽ നിന്നുമിറങ്ങി വന്ന ഒരു പൊലീസുകാരൻ വൃദ്ധനെ ചോദ്യം ചെയ്യുന്നതും അയാളോട് തിരിച്ചറിയൽ രേഖ ചോദിക്കുന്നതും ഒരു മറുപടിയും പറയാതെ ഫ്ലൈയോവറിന്റെ തൂണിൽ ആരോ കോറിയ അവ്യക്തമായ ഒരു മുദ്രാവാക്യവും നോക്കി നിൽക്കുന്ന അയാളെ കോളറിൽ പിടിച്ച് വണ്ടിയിലേയ്ക്ക് വലിച്ചിഴയ്ക്കുന്നതും കണ്ട് എന്താണ് സംഭവിക്കുന്നതെന്നറിയാതെ പേടിച്ചരണ്ട രാസാത്തി, പിൽക്കാലത്ത് പലപ്പോഴും, അവീൻചെടികൾ പൂത്ത ഒരു താഴ്വരയിൽ മരണം കാത്തുകിടന്ന ഒരു തണുത്ത മാദകരാവിൽ പോലും, അവളെ ഹർഷപുളകിതയാക്കിയ ഒരു നീക്കത്തിൽ, പൊലീസുകാരന്റെ നേരെ കുതിച്ചു ചാടി അയാളുടെ മുഖം മാന്തിപ്പറിച്ചു. വിരണ്ടു കുതറി മാറുന്നതിനിടയിൽ ആ പൊലീസുകാരൻ നില തെറ്റി വീണതും, അവളെ ഞെട്ടിച്ചുകൊണ്ട് വൃദ്ധൻ അവളെയും കോരിയെടുത്ത് അടിപ്പാതയിലൂടെ കുതിച്ച്, പാഞ്ഞുവരികയായിരുന്ന ഒരു തീവണ്ടിക്കു കുറുകെ ഒരു ലോംഗ്ജമ്പുകാരനെ പോലെ ചാടി പാളങ്ങൾ മുറിച്ചുകടന്ന്, അവളുടെ ചൂടുമൂത്രത്താൽ നനയ്ക്കപ്പെട്ട് ഇരുട്ടിൽ മറഞ്ഞു.

(2016).

□

സുരേഷ് പി. തോമസ്

മാധ്യമ പ്രവർത്തകൻ. മൂന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കലിഗ്രഫി: എൻ. ഭട്ടതിരി

ചിത്രീകരണം: കരുണാകരൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014